# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

Vol XV - Issue 018 April 27 2025 www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


## നിൻറ വിരൽ ഇവിടെ കൊണ്ടുവരുക; എൻറ കൈകൾ കാണുക; നിൻറ കൈ നീട്ടി എൻറ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക



ഉയിർപ്പികാലത്തെ രണ്ടാം ഞായർ തിരുസഭ ദൈവ കരുണയുടെ തിരുനാളായാണ് ആഘോഷിക്കുന്നത്. പൗരസ്ത്യ സഭയെ സംബന്ധിച്ചിടത്തോളം പുതുഞായർ എന്നത് പരമ്പരാഗതമായി വി. തോമാ ശ്ലീഹായുടെ തിരുനാളായും ആഘോഷിക്കുന്നു. "അവൻറ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എൻറ വിരൽ ഇടുകയും അവൻറ പാർശ്വത്തിൽ എൻറ കൈ വയ്ക്കുകയും ചെയ്യുല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" എന്ന് പറഞ്ഞ സംശയാലുവായ തോമാശ്ലീഹായെ "നിൻറ വിരൽ ഇവിടെ കൊണ്ടുവരുക; എൻറ കൈകൾ കാണുക; നിൻറ കൈ നീട്ടി എൻറ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസി യായിരിക്കുക എന്നരുൾ ചെയ്തുകൊണ്ട് വിശ്വാസത്തിന്റെ ഉന്നതിയിലേക്ക് ക്ഷണിക്കുന്ന ഈശോയെയാണ് പുതുഞായറിൽ തിരുസഭ സഭാ മക്കൾക്ക് വിചിന്തനം ചെയ്യുവാനായി നലകിയിട്ടുള്ളത്. നമുക്കും അവനോട് കൂടി പോയി മരിക്കാം എന്ന് പറഞ്ഞ് ക്രസിതുവിൽ വിശ്വാസം അർപ്പിച്ച തോമാ ശ്ലീഹാ, ഉത്ഥിതനായ ക്രിസ്തുവിനെ ദർശിക്കുവാൻ സാധിക്കാതെ പോയ അവസരത്തിൽ, ഒരു സംശയാലുവും അവിശ്വാസിയുമായി തോന്നിക്കത്തക്കവിധത്തിൽ ഒരു കൊച്ചുകുട്ടിയുടെ നിഷ്കളങ്കതയിലേക്കും പിടിവാശിയിലേക്കും മാറുന്നു. കുരിശിൽ കിടന്ന് കുന്തത്താൽ കുത്തപ്പെട്ട്, രക്തവും വെള്ളവും ഒഴുകിയ ഈശോയുടെ പാർശ്വം, തോമാശ്ലീഹായുടെ പിടിവാശിക്ക് മുൻപിൽ വീണ്ടും തുറക്കപ്പെടുന്നു. അതുവഴി എന്റെ കർത്താവേ എന്റെ ദൈവമേ എന്ന് പറഞ്ഞുകൊണ്ട് വീണ്ടും ഒരു വിശ്വാസ പ്രഖ്യാപനം നടത്തുകയും, ഭൂമിയുടെ വിദൂരങ്ങളിൽ പോലും സുവിശേഷം അറിയിച്ച്, ഈശോയ്ക്കുവേണ്ടി രക്തസാക്ഷിയാകുവാൻ തോമാശ്ലീഹാ തയ്യാറാവുന്നു.

തിരുസഭ കരുണയുടെ തിരുനാളിൽ തോമാശ്ലീഹായുടെ ഈ വിശ്വാസ പ്രഖ്യാപനത്തെ നമുക്ക് മുന്നിലേക്ക് വിചിന്തിനത്തിനായി നൽകുമ്പോൾ തോമാശ്ലീഹാ തന്റെ വിരൽ കൊണ്ട് തൊട്ട് അനുഗ്രഹം പ്രാപിച്ച, കുരിശിൽ കിടന്നുകൊണ്ട് രക്തവും വെള്ളവും പാപികൾക്കായി ഒഴുക്കിയ ഈശോയെ സുവ്യക്തമായി ദർശിക്കുവാൻ സാധിക്കും. കരുണയുടെ ചിത്രത്തിൽ ദർശിക്കുന്ന ചുവപ്പ് രശ്മികൾ ഈശോയുടെ രക്തത്തെയാണ് സൂചിപ്പിക്കുന്നത്. പാപികൾക്ക് വേണ്ടി രക്തം ചിന്തി മരിച്ച ഈശോയുടെ ജീവിതവും മരണവും സൂചിപ്പിക്കുന്ന ഈ ചുവപ്പ് രശ്മി, ദൈവസ്നേഹത്തിന്റെ അടയാളമാണ്. ചിത്രത്തിൽ ദർശിക്കുവാൻ സാധിക്കുന്ന വെള്ള രശ്മികൾ, ഈശോയുടെ അനുകമ്പയെ സൂചിപ്പിക്കുന്നു. പാപങ്ങൾ കഴുകുന്ന, പരിശുദ്ധി പ്രദാനം ചെയ്യുന്ന ജീവജലത്തെയാണ് അത് സൂചിപ്പിക്കുന്നത്. തോമാശ്ലീഹായെപ്പോലെ ആ പാർശ്വത്തിൽ വിരൽ തൊട്ട്, ആ രക്തത്തിന്റെയും വെള്ളത്തിന്റെയും അനുഭവത്തിലൂടെ വീണ്ടും വിശ്വാസത്തിലേക്കും പരിശുദ്ധിയിലേക്കും നയിക്കപ്പെടുവാനുള്ള ദൗത്യമാണ് പുതുഞായറിൽ നമുക്കായി നൽകപ്പെടുന്നത്. ഹൃദയം തുറന്ന്, "നിൻറ വിരൽ ഇവിടെ കൊണ്ടുവരുക; എൻറ കൈകൾ കാണുക; നിൻറ കൈ നീട്ടി എൻറ പാർശ്വത്തിൽ വയ്ക്കുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" എന്ന ഈശോയുടെ ആ വിളിക്കായി കാതോർക്കുവാനും, ഹൃദയം തുറന്ന് ഈശോയെ കർത്താവും ദൈവവുമായി സ്വീകരിച്ച് " എന്റെ കർത്താവേ എന്റെ ദൈവമേ " എന്ന് വിളിച്ച് ഒരു പുതുജന്മത്തിലേക്ക് രൂപാന്തരീകരണം നടത്തുവാനും നമുക്ക് സാധിക്കട്ടെ. സംശയാലുവായ തോമാശ്ലീഹാമാരായി മാറാതെ, ക്രിസ്തുവിന്റെ ആണിപ്പാടുകൾ ദർശിച്ച്, ആ ആണിപ്പാടുകളിലും പാർശ്വത്തിലും വിരൽ തൊട്ട്, വിശ്വാസത്തിന്റെ പാതയിൽ ചരിച്ച തോമാശ്ലീഹമാരായി നമുക്ക് മാറാം.

## Second Sunday of Easter: A Call to Faith through the Witness of St. Thomas




The second Sunday of the Resurrection season is celebrated by the Church as the Feast of Divine Mercy. In the Eastern tradition, this Sunday—also known as New Sunday—is also commemorated as the Feast of Saint Thomas the Apostle.

The Gospel passage chosen for this day invites the faithful to reflect on the transforming encounter between the Risen Christ and the doubting apostle Thomas. Thomas, who boldly declared, "Unless I see the nail marks in His hands and put my finger where the nails were, and put my hand into His side, I will not believe," is gently and lovingly invited by Jesus: "Put your finger here; see my hands. Reach out your hand and put it into my side. Stop doubting and believe."

n this moment, the Risen Lord lifts Thomas from doubt to profound faith. The same Thomas, who once expressed a willingness to die with Jesus, now—unable to witness Christ's resurrection with the other disciples—approaches with childlike stubbornness and longing. Jesus, pierced on the cross and flowing with blood and water, opens His side once more for Thomas. In response, Thomas proclaims the most powerful profession of faith: "My Lord and my God!"

The Church invites us to reflect deeply on this encounter during the Feast of Divine Mercy. As Thomas touched the wound of Christ and was blessed, we are also called to experience the mercy and grace that flows from the pierced side of Jesus. In the image of Divine Mercy, the red rays symbolize the blood shed for the forgiveness of sins, while the white rays signify the water of new life and purification. These rays are signs of God's infinite love and mercy poured out for sinners.

Just as Thomas was led from doubt to faith by touching the side of Christ, we too are invited on New Sunday to open our hearts to the Lord's invitation: "Put your finger here… stop doubting and believe." May we respond like Thomas, with renewed faith and transformed hearts, declaring, "My Lord and my God."

Let us not remain as doubting Thomases, but become believers who journey in faith —having touched the wounds of Christ, seen His mercy, and walked the path of holiness. Through this, may we become witnesses of the Resurrection, ready to proclaim His love to the ends of the earth.

# Church Schedule

### HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

### HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

### NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

### CONFESSION

Everyday before Holy Qurbana

### RELIGIOUS EDUCATION

Sunday: 10:00AM

### ADORATION CHAPEL

9:00AM - 9:00 PM




## Liturgical Bible Readings

**ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)**

**ഏശ 55:4-13**
എല്ലാ ജനതകളെയും വിളിച്ചുകൂട്ടുന്നവൻ.

**ശ്ലീഹ 4:32-37**
കൂട്ടായ്മയിൽ എല്ലാം പങ്കുവയ്ക്കുന്ന ക്രൈസ്തവസമൂഹം

**കൊളോ 1:12-20**
സകലത്തെയും തന്നിൽ അനുരഞ്ജിപ്പിക്കുന്ന കർത്താവ്.

**യോഹ 20:19-29**
തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം.

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

Apr 27: Divine Mercy Sunday & പുതുഞായർ
May 1: Feast of St. Joseph the worker & പരിശുദ്ധ മാതാവിന്റെ വണക്കമാസാരംഭം
May6: Feast of St Dominic Savio
May 11: Mother's Day Celebrations
May 13: Feast of Our Lady of Fathima
May 25: Solem Reception of Holy Communion
June7: Feast of St. Mariam Thresia
June 8: The Feast of Pentacost
August 3 - 11: Solem Parish Feast



St.Mary's

Knanaya Catholic Parish of Chicago



# ആദരാഞ്ജലികൾ



# POPE FRANCIS

## 1936 – 2025

പാവനതാതാ നിൻ പ്രാർത്ഥനകൾ മൂലം
ദൈവത്തിൻ കരുണ ഞങ്ങളിലുണ്ടാവാൻ
നരകുല രക്ഷകനാം മിശിഹാ നാഥനോടായ്
പ്രാർത്ഥിച്ചീടണമെ വന്ദ്യപിതാവേ നീ.

# ദൈവസ്നേഹവും പ്രത്യാശയും പകർന്നു നല്കിയ വലിയ ഇടയൻ: മാർ മാത്യു മൂലക്കാട്ട് (കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത)



സകല ജനത്തിനും സ്നേഹവും പ്രത്യാശയും പകർന്നു നല്കി നമ്മെ ഏവരെയും പ്രചോദിപ്പിച്ച പ്രിയങ്കരനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ നിത്യസമ്മാനത്തിനായി യാത്രയായിരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

സഭയുടെ ഇടയനായി ചുമതലയേറ്റ സമയം മുതൽ പരിശുദ്ധ പിതാവ് തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നമുക്ക് നല്കിയ സന്ദേശങ്ങൾ സഭയുടെ മുന്നോട്ടുള്ള വളർച്ചയിൽ ഏറെ സഹായകമാണ്. അദ്ദേഹത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ ഫ്രാൻസിസ് എന്ന പേര് അദ്ദേഹം സ്വീകരിച്ചത് യാദൃശ്ചികമായല്ല, വ്യക്തമായ ഉദ്ദേശത്തോടെയാണ്. പാവങ്ങളുടെ പക്ഷം ചേരാനുള്ള പാപ്പായുടെ അദമ്യമായ ആഗ്രഹം അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലും ലേഖനങ്ങളിലും നമുക്ക് തെളിവായി കാണാനാകും. സഭയിൽ എല്ലാവരും തുല്യരാണെന്നും മാമ്മോദീസാ എന്ന കൂദാശയിലൂടെ നാമോരോരുത്തരും കർത്താവിന്റെ ശരീരത്തിലെ അവയവങ്ങളായി തീരുകയാണെയാണെന്ന ബോധ്യം ഉണ്ടായിരിക്കുക മാത്രമല്ല ആ ബോധ്യം എല്ലാവരിലും ഉണ്ടാകണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. സഭാശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന ഓരോരുത്തരും ഇക്കാര്യം ഓർക്കണമെന്നും അവരുടെ ശുശ്രൂഷയിൽ കൂടുതലായി ശ്രദ്ധിക്കേണ്ടത് പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പുറന്തള്ളപ്പെട്ട വരേയുമാണെന്നും പരിശുദ്ധ പിതാവ് എപ്പോഴും ഓർമ്മിപ്പിച്ചിരുന്നു. ഇടയന്മാർക്ക് ആടിന്റെ മണമുണ്ടാകണമെന്ന് പരിശുദ്ധ പിതാവു പറയുമ്പോൾ അതിനുപിന്നിൽ അദ്ദേഹത്തിന്റെ മനസ്സിൽജ്വലിച്ചുനിന്ന കൂട്ടായ്മയുടെയും ശുശ്രൂഷയുടെയും മനോഭാവം എത്ര വലുതായിരുന്നുവെന്ന് നമുക്ക് പറയുക എളുപ്പമല്ല. തീർച്ചയായും പരിശുദ്ധ പിതാവ് അതിനുവേണ്ടി സദാ നമ്മെ പ്രേരിപ്പിച്ചിരുന്നു.

ഈ കാലഘട്ടത്തിൽ പരിശുദ്ധ പിതാവ് ലോകത്തിന്റെ വലിയ മനസ്സാക്ഷിയായി പ്രവർത്തിച്ചുവെന്നത് നമുക്കറിയാവുന്ന വസ്തുതയാണ്. ലോകത്തിൽ എവിടെയുമുണ്ടാകുന്ന കാര്യങ്ങളിൽ പ്രത്യേകിച്ച് എവിടെ മനുഷ്യൻ വേദനിക്കുന്നുവോ അവരോടൊപ്പം വേദനിക്കുന്ന ഒരു ഹൃദയവും അതിനെതിരെ പ്രതികരിക്കുന്ന ഒരു രീതിയും പരിശുദ്ധ പിതാവിന് ഉണ്ടായിരുന്നു. ആരാണെന്നോ എന്താണെന്നോ നോക്കാതെ വേദനിക്കുന്നവരോടൊപ്പം നിൽക്കുവാനും അവർക്കു സഹായമെത്തിക്കുവാനും പരിശുദ്ധ പിതാവ് എപ്പോഴും പരിശ്രമിച്ചിരുന്നു. ഏറ്റവുമൊടുവിലായി ഈസ്റ്റർ ദിനത്തിലെ തന്റെ സന്ദേശത്തിലും ഇപ്പോഴും ഗാസയിലും മറ്റും യാതന അനുഭവിക്കുന്ന ആളുകളെക്കുറിച്ചുള്ള ആശങ്ക വളരെ പ്രകടമായിരുന്നു. പരിശുദ്ധ പിതാവിന്റെ മനോഭാവം നമുക്കെല്ലാവർക്കുമുണ്ടാകുമ്പോൾ ജാതിമത വ്യത്യാസങ്ങൾക്കതീതമായി എല്ലാവരെയും സഹോദരങ്ങളായി കാണുവാനുള്ള ഒരു വലിയ പ്രേരണയാണു നമുക്ക് ലഭിക്കുന്നത്. എല്ലാവരും സഹോദരർ എന്ന പരിശുദ്ധ പിതാവിന്റെ ചാക്രിക ലേഖനം വ്യക്തമായി ഈ ആശയത്തെക്കുറിച്ച് പറയുന്നുണ്ട്.

ലോകത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ പരിശുദ്ധ പിതാവ് പങ്കുവച്ചിരുന്നു. ലോകത്തിന്റെ ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പിതാവ് പറയുകയും എഴുതുകയും ചെയ്തിരുന്നു. അതിലൊന്നാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനങ്ങൾ. പരിശുദ്ധ പിതാവ് ഇക്കാര്യങ്ങളെല്ലാം സഭയുടെ പ്രബോധനത്തിന്റെ ശക്തമായ അടിത്തറയിൽ ഉറച്ചുനിന്നായിരുന്നു നല്കിയിരുന്നത്. എന്നാൽ അതേസമയം ആ പ്രബോധനങ്ങളൊക്കെ എപ്രകാരം ഒരു കാലഘട്ടത്തിലെ മനുഷ്യരുടെ ജീവിത സാഹചര്യങ്ങൾക്കനുസൃതമായിട്ട് വളർത്തിയെടുക്കാൻ സാധിക്കും എന്നുള്ളതിനുള്ള നല്ല ഉദാഹരണങ്ങളാണ് പരിശുദ്ധ പിതാവു നല്കിയിട്ടുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും. പരിശുദ്ധ പിതാവിനെ നമുക്ക് എന്നും നന്ദിയോടെ ഓർമ്മിക്കാം. ഭാരതത്തിലേക്ക് വരണമെന്ന് പിതാവ് ആഗ്രഹിച്ചിരുന്നു. ഞാൻ തന്നെ വ്യക്തിപരമായി പരിശുദ്ധ പിതാവിനോട് വരുന്ന കാര്യം സംസാരിച്ചു. അപ്പോൾ അടുത്ത വർഷം എന്ന് എന്നോടു പറയുകയും ചെയ്തു. പക്ഷേ, നിർഭാഗ്യവശാൽ അതു സാധിച്ചില്ല. ആരോഗ്യപരമായ കാരണങ്ങളാലും മറ്റു കാരണങ്ങളാലും സാധിച്ചില്ലായെങ്കിലും ഇൻഡ്യയെ അദ്ദേഹം ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. പരിശുദ്ധ പിതാവിന്റെ ഭാരതത്തോടുള്ള സ്നേഹം സഭയോടുള്ള സ്നേഹം ഇവയൊക്കെ നമുക്ക് തീർച്ചയായും കൂടുതൽ ഊർജ്ജത്തോടെ നാടിനെയും സഭയെയുമൊക്കെ സ്നേഹിക്കാനും, പരിശുദ്ധ പിതാവ് നല്കിയ നിർദ്ദേശങ്ങൾ സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ, പ്രകൃതിയുടെ സൂക്ഷിപ്പുകാരായിരിക്കണമെന്നുമുള്ള നിർദ്ദേശങ്ങളുടെ അന്തരാർത്ഥങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കാനും നമുക്ക് സാധിക്കട്ടെ. അങ്ങനെ പരിശുദ്ധ പിതാവിൽ നിന്ന് ലഭിച്ച ഈ നല്ല ചൈതന്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് നമുക്ക് അദ്ദേഹത്തിന് ഉപചാരങ്ങൾ അർപ്പിക്കാം. കർത്താവിന്റെ കരങ്ങളിൽ ആദരപൂർവ്വം സമർപ്പിക്കുകയും ചെയ്യാം.

മാർ മാത്യു മൂലക്കാട്ട്

## ST.MARY'S KNANAYA CATHOLIC CHURCH, CHICAGO, CML UNIT




BY CML EXECUTIVES ON APRIL 27 TH SUNDAY

TO




## SPONSORS

Well Wisher



Well Wisher

JOHNSON CHEMMANTHARA & FAMILY


St. Mary's
Knanaya Catholic Church
7800 W. LYONS ST. MORTON GROVE, IL
Solemn Reception of
HOLY COMMUNION
Recipients 2025
Main Celebrant
Mar Mathew Moolakkatt
Noah
S/o Ullas & Neethu
Chakkalapadavil
James
S/o Johnson & Thushara
Chemmanthara
Jerome
S/o Jais & Tanya
Cherukara
Aria
D/o Jobil & Jaime
Chorath
Evelyn
D/o Jomesh & Gissy
Elavumkal
Thomas
S/o Mathew & Stegy
Eranickal
Nathania
D/o Jose & Surya
Karikulam
Tanah
D/o Jinoy & Phinu
Kavalackal
Lana
D/o Renji & Ann
Kizhakkethundiyil
Brady
S/o Tony & Binu
Kochupurackal
Liz
D/o Shabin & Jeena
Kuruttuparambil
Yohan
S/o Jothis & Anu
Machathil
Hannah
D/o Tibu & Bini
Mailadumparayil
Milana
D/o Philip & Mintu
Mannukunnel
Anayah
D/o Tino & Anu
Mundaplackil
Zack
S/o Tibin & Sherry
Mundaplackil
Thira
D/o Romy & Rose
Nedumchira
Thaara
D/o Romy & Rose
Nedumchira
Rosemareah
D/o Sharon & Priyanka
Oliyil
Noah
S/o Tony & Soumyia
Palliyarathundathil
Rachel
D/o Tinu & Jismy
Paranjattu
Jewel
D/o Ronald & Meeba
Pookumbel
Julia
D/o Jinu & Meena
Punnacheril
Angela
D/o Alwin & Alby
Puthenpurackal
Thomas
S/o Kevin & Manumol
Vadakedath
Daniel
S/o Eric & Neethu
Vadakedath
Zane
S/o Maju & Shelly
Valiyakalayil
Diana
D/o Tomy & Viji
Valloor
Ezthanah
D/o Saneesh & Janet
Vattukulathil
Isabel
D/o Jiju & Shanil
Vettikattu
SUNDAY
MAY 25TH @ 3:00PM
Reception to Follow @ 6:00 pm
White Eagle Banquet Hall
6839 N. Milwaukee Ave, Niles, IL. 60714

St. Mary's

# Knanaya Catholic Parish of Chicago

# Easter 2025

























